Canara Bank
Together We Can



# എൻ.ആർ.ഐ. വാർത്താ പത്രിക

ജനുവരി 2015

വാല്യം നം: 01/2015

എല്ലാ പ്രവാസി ഇടപാടുകാർക്കും ഞങ്ങളുടെ അഭിവാദ്യങ്ങൾ

## സാമ്പത്തിക നയം

**2014–15 –ലെ ആറാം ദ്വൈമാസ സാമ്പത്തിക നയം**

### റിസർവ് ബാങ്കിന്റെ ദ്വൈമാസ സാമ്പത്തിക നയത്തിന്റെ സവിശേഷതകൾ

- പണലഭ്യത അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള റിപ്പോ നിരക്ക് 7.75 ശതമാനത്തിൽ മാറ്റമില്ലാതെ തുടരുന്നു.
- ക്യാഷ് റിസർവ് റേഷ്യോ 4.00 ശതമാനം എന്നത് മാറ്റമില്ലാതെ തുടരുന്നു.
- ഫെബ്രുവരി 7, 2015 –ൽ തുടങ്ങുന്ന ദ്വൈവാരം മുതൽ വാണിജ്യ ബാങ്കുകളുടെ സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ 50 ബേസിസ് പോയിന്റ് കുറച്ച് 22.00 ശതമാനത്തിൽ നിന്നും 21.5 ശതമാനം ആക്കി.




ഡിസംബർ 2014-ൽ അവസാനിച്ച മൂന്നാം പാദത്തിലെ ബാങ്കിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന സവിശേഷതകൾ

- ബാങ്കിന്റെ സഞ്ചിത ലാഭം 60.3 ശതമാനം വർദ്ധിച്ച് 656 കോടി രൂപയിൽ എത്തി.
- പ്രവർത്തന ലാഭം 13 ശതമാനം വർദ്ധിച്ച് 1797 കോടിയായി.
- ഫീ ഇനത്തിലുള്ള വരുമാനം കഴിഞ്ഞ വർഷത്തെ 851 കോടി രൂപയിൽ നിന്നും വർദ്ധിച്ച് 1176 കോടിയിൽ എത്തി. 38.2 ശതമാനം വർദ്ധന.
- മൊത്തം ബിസിനസ്സ് 11.2 ശതമാനം വർദ്ധിച്ച് 7.75 ലക്ഷം കോടിയിലെത്തി.
- മൊത്തം നിക്ഷേപം 13.1 ശതമാനം വർദ്ധിച്ച് 4.62 ലക്ഷം കോടിയായി.
- വായ്പകൾ 8.5 ശതമാനം വർദ്ധന രേഖപ്പെടുത്തി, 3.12 ലക്ഷം കോടിയിലെത്തി.
- റീട്ടെയിൽ ലോൺ മേഖലയിൽ ബാങ്ക് മികച്ച വളർച്ചാ നിരക്ക് കാഴ്ചവെച്ചു. മുൻഗണനാ വായ്പകൾ-21 ശതമാനം കാർഷിക വായ്പകൾ- 24 ശതമാനം, ചെറുകിട ഇടത്തരം വ്യവസായ വായ്പകൾ - 19.5 ശതമാനം, മൈക്രോ, ചെറുകിട വ്യവസായ വായ്പകൾ - 25 ശതമാനം, റീട്ടെയിൽ വായ്പകൾ 22 ശതമാനം, ഭവന വായ്പകൾ - 30 ശതമാനം, വാഹന വായ്പകൾ 30 ശതമാനം, മറ്റ് വ്യക്തിഗത വായ്പകൾ 95 ശതമാനം.
- മൊത്തം നിഷ്ക്രിയ ആസ്തി - 3.35 ശതമാനം, സഞ്ചിത നിഷ്ക്രിയ ആസ്തി 2.42 ശതമാനം.
- ക്യാഷ് റിക്കവറിയുടെ കാര്യത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ 3135 കോടിയെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷത്തിലെ ആദ്യത്തെ 9 മാസത്തിൽ തന്നെ 4427 കോടി രൂപ തിരിച്ചു പിടിക്കാൻ ബാങ്കിന് സാധിച്ചു.
- പ്രൊവിഷൻ കവറേജിന്റെ തോത് കഴിഞ്ഞ വർഷത്തെ 57.39 ശതമാനത്തിൽ നിന്നും 59.44 ശതമാനമായി മെച്ചപ്പെട്ടു.
- നെറ്റ് ഇന്ററസ്റ്റ് മാർജിൻ (ആഭ്യന്തരം) 2.36 ശതമാനമായും (ആഗോളം) 2.24 ശതമാനമായും വർദ്ധിച്ചു.

- 1091 ശാഖകളും 3056 പുതിയ എ റ്റി എമ്മുകളും തുടങ്ങിയതിൽ 893 ശാഖകളും 1287 എ റ്റി എമ്മുകളും 2015 സാമ്പത്തിക വർഷത്തിന്റെ ആദ്യ 9 മാസങ്ങളിലാണ്. ഇതോടെ മൊത്തം ശാഖകളുടെ എണ്ണം 5648 ആയും എ റ്റി എമ്മുകളുടെ എണ്ണം 7599 ആയും വർദ്ധിച്ചു.
- ഇലക്ട്രോണിക് ഇടപാടുകൾ കഴിഞ്ഞ വർഷം 43.75 ശതമാനം ആയിരുന്നത് ഇപ്പോൾ 45.35 ശതമാനം ആയി.

- 2015 മൂന്നാം പാദത്തിലെ മൊത്തം വരുമാനം 11.8 ശതമാനം ഉയർന്ന് 12228 കോടി രൂപയായി.
- വായ്പകളിൽ നിന്നുള്ള വരുമാനം 9.6 ശതമാനം കൂടി 8064 കോടിയിലെത്തി.
- മൂന്നാം പാദത്തിലെ മൊത്തം ചിലവ് 11.6 ശതമാനം കൂടി 10431 കോടിയായി. പ്രവർത്തന ചിലവ് 18.3 ശതമാനം കൂടി 1759 കോടിയിലെത്തി.
- പലിശ വരുമാനം 6.9 ശതമാനം കൂടി 2380 കോടി രൂപയായി.
- കഴിഞ്ഞ വർഷത്തെ മൂന്നാം പാദത്തെ അപേക്ഷിച്ച് ഈ വർഷം മൂന്നാം പാദത്തിലെ സഞ്ചിതലാഭം 409 കോടിയിൽ നിന്നും 656 കോടി രൂപയായി വർദ്ധിച്ചു അതായത് 60.3 ശതമാനം വർദ്ധന.
- ഓഹരികളിന്മേലുള്ള വരുമാനം ഈ പാദത്തിൽ 14.22 രൂപയാണ്. ബുക്ക് വാല്യൂ 2013 ഡിസംബറിൽ 518.61 രൂപ ആയിരുന്നത് 554.93 രൂപയായി കൂടുകയുണ്ടായി.

**ആദ്യ ഒൻപത് മാസത്തെ പ്രകടനം**

- 2015 സാമ്പത്തിക വർഷത്തെ ആദ്യ 9 മാസത്തെ സഞ്ചിത ലാഭം 2090 കോടി രൂപയാണ്. കഴിഞ്ഞ വർഷത്തെ 1827 കോടി രൂപയിൽ നിന്നും 14.4 ശതമാനം വർദ്ധന.
- പലിശ വരുമാനം 12 ശതമാനം ഉയർന്ന് 7178 കോടി രൂപയായി.
- മൊത്തം വരുമാനം 12.6 ശതമാനം വർദ്ധിച്ച് 35871 കോടി രൂപയായി. ഇതിൽ 23973 കോടി രൂപ പലിശയിനത്തിലുള്ള വരുമാനമാണ്.
- പലിശയിനത്തിൽ അല്ലാത്ത വരുമാനം 12.6 ശതമാനം വർദ്ധിച്ച് 3224 കോടിയിലെത്തി.

**ബിസിനസ്സ് രംഗത്തെ പ്രകടനം**

- ബാങ്കിന്റെ ആഗോള ബിസിനസ്സ് ഡിസംബർ 2013 – ൽ 696624 കോടി ആയിരുന്നത് 11.2 ശതമാനം വർദ്ധിച്ച് 774718 കോടി രൂപയായി.
- ആഗോള നിക്ഷേപങ്ങൾ ഡിസംബർ 2013–ൽ 408924 കോടി രൂപ ആയിരുന്നത് 13.1 ശതമാനം വർദ്ധിച്ച് 462450 കോടിയായി. ബാങ്കിന്റെ വിപണിവിഹിതം 4.96 ശതമാനം ആയി മെച്ചപ്പെട്ടു.

- ബാങ്കിന്റെ ആഗോള വായ്പകൾ ഡിസംബർ 2013-ൽ 287700 കോടി ആയിരുന്നത് 8.5 ശതമാനം വർദ്ധിച്ച് 312269 കോടിയായി. വിപണി വിഹിതം 4.55 ശതമാനം ആയി മെച്ചപ്പെട്ടു.
- ബാങ്കിന്റെ മൊത്തം ബിസിനസ്സിൽ 94 ശതമാനം ആദ്യന്തര ബിസിനസ്സ് ആണ്. വിദേശ ബാങ്കുകളുടെ മൊത്തം ബിസിനസ്സ് കഴിഞ്ഞ വർഷം 39788 കോടി ആയിരുന്നത് 46037 കോടിയായി വർദ്ധിച്ചു.
- ബാങ്കിന്റെ കാസാ നിക്ഷേപം മൊത്തം ആദ്യന്തര നിക്ഷേപത്തിന്റെ 24.05 ശതമാനം ആണ്. ബാങ്കിന്റെ കാസാ നിക്ഷേപങ്ങൾ ഡിസംബർ 2013-ൽ 94465 കോടി രൂപ ആയിരുന്നത് ഇപ്പോൾ 105019 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. അതായത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 11.2 ശതമാനം വർദ്ധന.
- ബാങ്കിന്റെ മൊത്തം ഇടപാടുകാരുടെ എണ്ണം 6.32 കോടിയാണ്. 5.61 കോടി നിക്ഷേപകരും 71 ലക്ഷം വായ്പാ ഇടപാടുകാരും ഈ വർഷം ഇടപാടുകാരുടെ എണ്ണത്തിൽ 93 ലക്ഷത്തിന്റെ വർദ്ധനയുണ്ട്.

**പ്രധാനമന്ത്രി ജൻധൻ യോജനയ്ക്ക് കീഴിലുള്ള ബാങ്കിന്റെ പ്രകടനം.**

- ജൻധൻയോജന പ്രകാരം ബാങ്ക് 51.96 ലക്ഷം അക്കൗണ്ടുകൾ തുറന്നു. ഇതിലെല്ലാം കൂടി മൊത്തം കാസാ നിക്ഷേപമായി 728.79 കോടി ലഭിച്ചു.
- ജൻ ധൻ യോജന പ്രകാരം അക്കൗണ്ട് തുടങ്ങിയ നിക്ഷേപകർക്ക് ഇതുവരെയായി 46.65 ലക്ഷം റുപ്പേ ഡെബിറ്റ് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.
- ഇടപാടുകാർക്കുള്ള പരാതി പരിഹാര സംവിധാനത്തിന്റെ ഭാഗമായി ബാങ്ക് ഇനിപ്പറയുന്ന ടോൾ ഫ്രീനമ്പർ തുടങ്ങിയിട്ടുണ്ട് 1800 425 11222.

ബാങ്ക് വിവിധ രംഗങ്ങളിൽ മുൻകൈ എടുത്ത് നടപ്പാക്കിയ പല പദ്ധതികളുടേയും അംഗീകാരം എന്ന നിലയിൽ കഴിഞ്ഞ പാദത്തിൽ താഴെപ്പറയുന്ന അവാർഡുകൾ ലഭിയ്ക്കുകയുണ്ടായി.

- എം.എസ്.എം.ഇ ബാങ്കിംഗ് എക്സലൻസ് അവാർഡ് 2014 ചേംബർ ഓഫ് ഇന്ത്യൻ മൈക്രോ, സ്മാൾ ആൻഡ് മീഡിയം എന്റർപ്രെസസ് ഏർപ്പെടുത്തിയത്. കാനറാ ബാങ്കിന് ഈ വിഭാഗത്തിൽ ഏറ്റവും മികച്ച ബാങ്കിനുള്ള പുരസ്കാരം നൽകപ്പെട്ടു.
- കയറ്റുമതി രംഗത്തെ സേവനങ്ങൾ പരിഗണിച്ച് ഇന്ത്യൻ കയറ്റുമതി സംഘടനയുടെ നിര്യാത്ബന്ധു അവാർഡ്.
- 2014-ൽ ഇന്ത്യയിൽ ഇനിപ്പറയുന്ന മികച്ച പ്രോജക്ടുകൾ നടപ്പാക്കിയതിനുള്ള സ്കോച്ച് റെനായിസൻസ് അവാർഡ് 2014 – ഗ്രാമീണ സ്വയം തൊഴിൽ പദ്ധതികൾക്കുള്ള സ്ഥാപനം,

കരകൗശല വിദഗ്ദർക്കുള്ള സ്ഥാപനം, ഇൻഫർമേഷൻ ടെക്നോളജി, സാമൂഹിക വികസനം, സ്ത്രീ ശാക്തീകരണം എന്നിവയ്ക്കുള്ള സ്ഥാപനം.

- തുടർച്ചയായി രണ്ടാം വർഷവും ഡിമാറ്റ് അക്കൗണ്ടുകൾ തുടങ്ങിയതിൽ ഒന്നാം സ്ഥാനം ലഭിച്ചതിന് ബെസ്റ്റ് പെർഫോർമർ ആയി തിരഞ്ഞെടുക്കപ്പെട്ട ബാങ്കിന് എൻ.എസ്.ഡി.എല്ലിന്റെ 2014–ലെ സ്റ്റാർ പെർഫോർമർ അവാർഡ് ലഭിച്ചു.
- 2013–14 വർഷത്തിൽ 'സി' മേഖലയിൽ ഔദ്യോഗിക ഭാഷാ ഉപയോഗം കാര്യക്ഷമമായി നടപ്പിലാക്കിയതിന് ഒന്നാം സമ്മാനവും ഇന്ദിരാഗാന്ധി രാജ്യഭാഷാ ഷീൽഡും ലഭിച്ചു.
- 'സി', 'ബി' മേഖലകളിൽ ഔദ്യോഗിക ഭാഷാ ഉപയോഗം കാര്യക്ഷമമായി നടപ്പിലാക്കിയതിന് റിസർവ് ബാങ്ക് രാജ്യഭാഷാ ഷീൽഡ് സമ്മാനിക്കപ്പെട്ടു.
- ഇക്കണോമിക് ടൈംസിന്റെ കോർപ്പറേറ്റ് ഡോസിയറിൽ ഇന്ത്യയിലെ മികച്ച കമ്പനികളിൽ കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തം എന്ന ലേഖനത്തിന് പൊതുമേഖലാ ബാങ്കുകളിൽ ഒന്നാം സ്ഥാനം.
- ബാങ്കിംഗ് ഫ്രോണ്ടിയേഴ്സും ഡിയോലിറ്റ് എന്ന സംഘടനയും സംയുക്തമായി മനുഷ്യവിഭവശേഷി രംഗത്തെ സംഭാവനകൾക്കുള്ള അംഗീകാരമായി നൽകുന്ന, തൊഴിൽ ചെയ്യാൻ ഏറ്റവും ഉത്തേജനം നൽകുന്ന സ്ഥലം (പൊതുമേഖലയിൽ) അവാർഡിന് ബാങ്ക് അർഹമായി

## 2015 സാമ്പത്തിക വർഷത്തെ ലക്ഷ്യങ്ങൾ

- മൊത്തം 8 ലക്ഷം കോടിയുടെ ബിസിനസ്സ് ലക്ഷ്യമിടുന്നു.
- ടാൻസാനിയയിൽ ഒരു സബ്സിഡിയറി തുടങ്ങുന്നതിനുള്ള അനുമതി ബാങ്കിന് ലഭിച്ചിട്ടുണ്ട്. ദുബായ് അന്താരാഷ്ട്ര സാമ്പത്തിക സെന്ററർ, ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ട്, ബ്രസീലിലെ സാവോ പോളോ തുടങ്ങിയ സ്ഥലങ്ങളിൽ ശാഖകളോ ഓഫീസോ തുടങ്ങാൻ ബാങ്കിന് പദ്ധതിയുണ്ട്.
- റീട്ടെയിൽ ബിസിനസ്സിന് ഊന്നൽ – കാസാ, റീട്ടെയിൽ നിക്ഷേപങ്ങൾ, റീട്ടെയിൽ വായ്പകൾ, റിക്കവറി, ഫീ ഇനത്തിലുള്ള വരുമാനം, ആസ്തികളുടെ നിലവാരം എന്നിവ.
- സാങ്കേതികതയിലും ബിസിനസ്സ് പരിഷ്കരണത്തിലുമുള്ള ഇപ്പോഴത്തെ ഊന്നൽ തുടരും.

# റീട്ടെയിൽ ഇടപാടുകാർക്കുള്ള ഇന്റർനെറ്റ് ബാങ്കിംഗ്

നെറ്റ് ബാങ്കിംഗ് ഡെമോയ്ക്കായി താഴെപ്പറയുന്ന ലിങ്കിൽ ക്ലിക് ചെയ്യുക

https://www.canarabank.in/English/Scripts/IMBTutorial/home.html




## നെറ്റ് ബാങ്കിംഗ് ഹിന്ദി പതിപ്പ്

**നെറ്റ് ബാങ്കിംഗിന്റെ ഹിന്ദി പതിപ്പ് ഇപ്പോൾ ലഭ്യമാണ്. നെറ്റ് ബാങ്കിംഗ് ഹിന്ദി പതിപ്പിലേയ്ക്ക് ലോഗിൻ ചെയ്യുക.**

1. ഇടപാടുകാരന് നെറ്റ് ബാങ്കിംഗിലേയ്ക്ക് ലോഗിൻ ചെയ്യുന്നതിന് നെറ്റ് ബാങ്കിംഗ് ലോഗിൻ പേജിലേയ്ക്ക് കയറിയ ശേഷം हिन्दी തിരഞ്ഞെടുക്കുക. തിരഞ്ഞെടുക്കപ്പെട്ട ഭാഷ ഒരു സെഷനിലേക്ക് മാത്രമേ ലഭ്യമായിരിക്കുകയുള്ളു.
2. ഇടപാടുകാരൻ ലോഗിൻ ചെയ്തശേഷം മെനുവിൽ പോയി Services തിരഞ്ഞെടുത്തശേഷം ഭാഷ ഓപ്ഷൻ हिन्दी എന്ന് സെറ്റ് ചെയ്യാവുന്നതാണ്. തുടർന്നുള്ള ലോഗിൻ हिन्दी യിൽ മാത്രമായിരിക്കും. ഒന്നാമത്തെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യാനാണെങ്കിൽ ഇടപാടുകാരൻ Default സെലക്റ്റ് ചെയ്യണം.




**ഇടപാടുകാർക്കുള്ള നിർദ്ദേശങ്ങൾ**

1. വൈറസ് അല്ലെങ്കിൽ സ്പൈവെയർ ഉണ്ടാകാൻ സാദ്ധ്യത ഉള്ളതിനാൽ എല്ലാ സ്പാം മെയിലുകളും ഡിലീറ്റ് ചെയ്യാൻ ഇടപാടുകാർ ശ്രദ്ധിക്കുക.
2. ഇടപാടുകാർ തങ്ങളുടെ വ്യക്തിഗത വിവരങ്ങൾ പരിചയമില്ലാത്ത വ്യക്തികളുമായി ഒരിക്കലും പങ്കുവെക്കരുത്.
3. ഇടപാടുകാർ സൈബർ കഫേകളിൽ പോയി ഡെബിറ്റ് / ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഇടപാടുകൾ നടത്തുന്നത് ഒഴിവാക്കുക.
4. കാനറാ ബാങ്ക് ഒരിക്കലും ഇടപാടുകാരുടെ വ്യക്തിഗത വിവരങ്ങൾ ഇ–മെയിലിലൂടെ ആവശ്യപ്പെടാറില്ല. അത്തരം എന്തെങ്കിലും സംഭവം ഉണ്ടായാൽ ഉടൻ തന്നെ reportphishing@canarabank.com അല്ലെങ്കിൽ cbgimb@canarabank.com എന്ന ഇ–മെയിൽ ഐ.ഡി.യിൽ റിപ്പോർട്ട് ചെയ്യുക. ഇടപാടുകാരന്റെ യൂസർ മെയിം, പാസ് വേർഡ് എന്നിവ നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഏതെങ്കിലും ഇ–മെയിൽ സന്ദേശം കാനറാ ബാങ്കിന്റെ പേരിൽ വരികയാണെങ്കിൽ തീർച്ചയായും അത് നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ ചോർത്താനുള്ള തന്ത്രമായിരിയ്ക്കും എന്ന് മനസ്സിലാക്കുക.
5. അതുപോലെ ആർ.ബി.ഐ / ഐ.ബി.എ എന്നിവയും ഒരിക്കലും ഇ–മെയിലിലൂടെ ഇടപാടുകാരുടെ വ്യക്തിഗത വിവരങ്ങൾ ആവശ്യപ്പെടാറില്ല. അത്തരം മെയിലുകൾക്ക് ഇടപാടുകാർ ഒരിക്കലും മറുപടി നൽകരുത്.
6. ഇടപാടുകാർ ബ്രൗസർ സെറ്റിംഗിലെ പിഷിംഗ് ഫിൽട്ടറിൽ അപ്ലൈ ചെയ്യേണ്ടതാണ്.
7. വൻ തുക സമ്മാനം തരുന്ന ലോട്ടറികൾ, മറ്റു സമ്മാനങ്ങൾ, വിദേശത്ത് ജോലികൾ എന്നിവ വാഗ്ദാനം ചെയ്യുന്ന എല്ലാ മെയിലുകളും എസ്.എം.എസ്.സന്ദേശങ്ങളും ഇടപാടുകാർ ഉടൻ തന്നെ ഡിലീറ്റ് ചെയ്യേണ്ടതാണ്.
8. വ്യക്തിഗത വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള എല്ലാ മെയിലുകളും എസ്.എം.എസ് സന്ദേശങ്ങളും ഇടപാടുകാർ ഡിലീറ്റ് ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള ഫോൺ കാളുകൾ അവഗണിക്കുകയും വേണം. അതുപോലെ ഡെബിറ്റ് / ക്രെഡിറ്റ് കാർഡുകൾ സൈ്വപ്പ് ചെയ്യുന്നത് തങ്ങളുടെ സാന്നിദ്ധ്യത്തിൽ ആണെന്ന് ഉറപ്പ് വരുത്തുകയും പിൻ നമ്പർ അടിയ്ക്കുമ്പോൾ മറ്റാരും കാണാതെ മറച്ചു പിടിക്കാനും ശ്രദ്ധിക്കുക.
9. ഡെബിറ്റ് / ക്രെഡിറ്റ് കാർഡ് എന്നിവയുടെ ഫോട്ടോ കോപ്പി ആർക്കും നൽകരുത്.

കാനറാ ബാങ്ക് ഒരിക്കലും ഇ–മെയിലിലൂടെ ഒരു വിവരവും ആവശ്യപ്പെടാറില്ല. അജ്ഞാത സ്ഥലങ്ങളിൽ നിന്ന് വരുന്ന ഇ–മെയിൽ ലിങ്കുകളിൽ ക്ലിക് ചെയ്യാതിരിയ്ക്കുക. ഒന്നുകിൽ അത് കുഴപ്പം പിടിച്ച കോഡുകൾ ഉള്ളതായിരിയ്ക്കും അല്ലെഹ്കിൽ വിവരങ്ങൾ ചോർത്താനുള്ള ശ്രമം ആയിരിയ്ക്കും. നിങ്ങളുടെ അക്കൗണ്ട് വിവരങ്ങൾ ഇ–മെയിൽ / ഫോൺ / മറ്റു വിനിമയ മാർഗ്ഗങ്ങൾ എന്നിവയിലൂടെ ബാങ്ക് ഒരിക്കലും ആവശ്യപ്പെടാറില്ല.

## പ്രവാസി ഇടപാടുകാർക്കുള്ള പ്രത്യേക ഭവന വായ്പാ പദ്ധതി

പ്രവാസി ഇടപാടുകാരുടെ പ്രത്യേക ആവശ്യങ്ങൾ കണക്കിലെടുത്ത് ഒരു വ്യത്യസ്ത ഭവന വായ്പാ പദ്ധതി ബാങ്ക് ആവിഷ്കരിച്ചിട്ടുണ്ട്.
താഴെപ്പറയുന്നവയ്ക്ക് ലോൺ പരിഗണിയ്ക്കുന്നതാണ്.

- പൂർത്തീകരിച്ച വീടോ ഫ്ളാറ്റോ വാങ്ങുന്നതിന്
- വീട് വയ്ക്കുന്നതിന്
- സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന്. എന്നാൽ സ്ഥലം വാങ്ങുന്നതിന് മാത്രമായി വായ്പ നൽകുന്നതല്ല.
- മരാമത്ത്, പുതുക്കൽ, അധിക സൗകര്യങ്ങൾ കൂട്ടിച്ചേർക്കൽ എന്നിവയ്ക്ക് പരമാവധി 15 ലക്ഷം, ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി.
- മറ്റു പൊതുമേഖലാ ബാങ്കുകൾ / സ്വകാര്യബാങ്കുകൾ എ റേറ്റിംഗ് ഉള്ള ബാങ്കിംഗ് ഇതര പണമിടപാട് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമുള്ള ഭവന വായ്പകൾ ഏറ്റെടുക്കുന്നതിന്.
- വായ്പ എടുക്കുന്ന വ്യക്തിക്ക് ഇതിന് മുമ്പ് വായ്പ എടുത്തോ അല്ലാതെയോ ഉള്ള ഒരു വീടോ ഫ്ളാറ്റോ ഉണ്ടെങ്കിൽ അതിന് പുറമേ മറ്റൊരു വീടോ ഫ്ളാറ്റോ വാങ്ങുന്നതിന്.
- നിർമ്മാണത്തിലിരിയ്ക്കുന്ന ഫ്ളാറ്റുകൾക്ക് താഴെപ്പറയുന്ന വ്യവസ്ഥകളിന്മേൽ വായ്പ നല്കാവുന്നതാണ് – വായ്പ എടുക്കുന്ന വ്യക്തി വായ്പാതുകയ്ക്ക് തുല്യമായ വിലവരുന്ന അംഗീകൃത സെക്യൂരിറ്റിയോ വസ്തുവോ ഈടായി നൽകണം. അതല്ലെങ്കിൽ ബാങ്കിന് സ്വീകാര്യമായ ഒരാൾ നൽകുന്ന തത്തുല്യമായ ഗാരന്റിയിന്മേലും വായ്പ നൽകാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന വെബ്സൈറ്റ് സന്ദർശിക്കുക.
http://www.canarabank.com/English/Content/NRI%20NEWS%20BULLETIN%20%20MAR%202014.pdf




## എൻ.ആർ.ഐ റിലേഷൻഷിപ്പ് മാനേജർമാർ

ഇന്ത്യയൊട്ടാകെ 363 ശാഖകളിൽ എൻ.ആർ.ഐ റിലേഷൻഷിപ്പ് മാനേജർമാരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. ഇങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെട്ട റിലേശൻഷിപ്പ് മാനേജർമാർ എൻ.ആർ.ഐ ഇടപാടുകാരുടെ ബാങ്കിംഗ് സംബന്ധമായ ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നു.

തങ്ങളുടെ ബാങ്കിംഗ് സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും റിലേഷൻഷിപ്പ് മാനേജർമാരുമായി ബന്ധപ്പെടാൻ ഞങ്ങൾ എൻ.ആർ.ഐ ഇടപാടുകാരോട് അഭ്യർത്ഥിയ്ക്കുന്നു.

വിശദവിവരങ്ങൾക്ക് താഴെപ്പറയുന്ന വെബ്സൈറ്റ് സന്ദർശിക്കുക

http://www.canarabank.com/English/Content/NRI%20NEWS%20BULLETIN%20%20DEC%202014.pdf

कॆनरा बैंक Canara Bank



# വിദേശ ശാഖകൾ

**LONDON**
P O, BOX NO. 174, GROUND FLOOR
10 CHISWEL STREET, LONDON - EC 1Y 4UQ
Ph:0044 207 628 2187
Fax 0044 207 374 2468 / 0044 207 256 6620
Email : canarabankldn@canbank.co.uk
URL: www.canbanklondon.com

**LEICESTER**
188, BELCRAVE ROAD LEICESTER
LE4 5AU, United Kingdom
Ph:0044 116 2663799
FAX: 0044 116 2666736
E mail : canaralstr@canbank.co.uk

**HONG KONG**
N0.904, AON CHINA BUILDING
29, QUEENS ROAD, CENTRAL, HONG KONG
Ph:00852 2529 1398
Fax: 00852 2529 6036 / 00852 2529 1921
Email: canarabank@canbank.com.hk

**SHANGHAI**
2601, BANK OF SHANGHAI MANSION
158, MIDDLE YINCH ENC ROAD
LUJIAZUI, PUDONC
SHANGHAI - 200 120 PRC
Ph: 008621 - 52080806
Fax: 00862152080807 / 00862168596088
E-mail:
canarashanghai@canarabank.com

**MANAMA - KINGDOM OF BAHRAIN**
No. 162, 16th Floor, Main Tower, B-1
Al Zameel Towers, Bldg. No. 31, Road 383
Block No. 305, Manama Centre
P O Box No. 65170, MANAMA
(Kingdom of Bahrain)
Ph: 00973 - 17210905
Fax: 00973 - 11210907
Email : canaragen@batelco.com.bh /
canaraceo@batelco.com.bh

**RUSSIA**
COMMERCIAL BANK OF INDIA LLC
(JOINT VENTURE WITH STATE BANK OF INDIA)
109147, UL MARXISTSKAYA 16
MOSCOW

Email: cbil.credit@col.ru ; cbil@col.ru
Ph: +7495 7354335/ 7354033/ 7354035
Ph: +7495 7354032 Fax: +74 957354334 /
+74 957354032

| JOHANNESBURG (SOUTH AFRICA) | NEW YORK, USA |
|---|---|
| 11th Floor Sandton City Office Tower,<br>Sandton Corner 5th Street and Revonia Road Sandhurst Ext 3, | 9th Floor,<br>405 PARK AVENUE |
| Sandton | NEW YORK 10022 |
| Johannesburg, 2196 | Email: cbny@canarabank.com |
| Republic of South Africa. | Cell: 001 6467600484/ 6467600495 |
| Ph: 0027113265115 / 0027117843271/5316/5108/9927<br>Email : cejoburg@canarabank.com | |



## REPRESENTATIVE OFFICE:

**SHARJAH**
Flat No. 504, 5th FLOOR
LIBERTY REAL ESTATE BLDG.
AL MINA ROAD
AL SOUR AREA
SHARJAH. (UAE)
Ph:009716 - 5756521
Fax: 009716 - 5756523
Email: canarash@eim.ae

## EXCHANGE COMPANIES MANANAGED BY OUR BANK:

| QATAR : | UAE : |
|---|---|
| Eastern Exchange Establishment<br>P O Box 454<br>Doha, Qatar<br>Ph: +974 44412655,44323354<br>Fax : +974 44431314<br>Email: ho@easternexchange.com.qa<br>Web: www.easternexchangeqatar.com | AL RAZOUKI INTERNATIONAL EXCHANGE COMPANY<br>Management Office:110,Al Avis Building,<br>P.O.Box:12583,Karama, DUBAI, UAE<br>Ph:+971-4-3885803,Fax:+971-4-3885816<br>Email: ho@alrazoukiexchange.com<br>Web: www.alrazoukiexchange.com |



**നിങ്ങളുടെ പണം നിങ്ങളുടെ സ്വന്തം ബാങ്കിൽ നിക്ഷേപിക്കുന്നതിന് ഞങ്ങൾ ആകർഷകമായ പലിശനിരക്കുകൾ വാഗ്ദാനം ചെയ്യുന്നു.**

**എഫ്.സി.എൻ.ആർ നിക്ഷേപനിരക്കുകൾ**(വാർഷിക %)

(01.02.2015 മുതൽ)

| നിക്ഷേപ കാലാവധി | നിക്ഷേപ കറൻസി | | | | |
|---|---|---|---|---|---|
| | USD | GBP | EUR | CAD | AUD |
| ഒരു വർഷത്തിന് മുകളിൽ രണ്ടു വർഷത്തിന് താഴെ | 1.41 | 1.63 | 1.14 | 2.14 | 3.33 |
| രണ്ടു വർഷത്തിന് മുകളിൽ മൂന്ന് വർഷത്തിൽ താഴെ | 1.74 | 1.87 | 1.14 | 1.87 | 3.23 |
| മൂന്ന് വർഷത്തിന് മുകളിൽ നാല് വർഷത്തിൽ താഴെ | 3.02 | 3.01 | 2.18 | 2.95 | 4.24 |
| നാല് വർഷത്തിന് മുകളിൽ അഞ്ച് വർഷത്തിൽ താഴെ | 2.25 | 2.13 | 1.25 | 2.05 | 3.37 |
| അഞ്ച് വർഷത്തേക്ക് മാത്രം | 2.40 | 2.23 | 1.33 | 2.16 | 3.44 |

**എൻ.ആർ.ഇ. നിക്ഷേപ നിരക്കുകൾ (07/01/2015 മുതൽ)**

| നിക്ഷേപ കാലാവധി | പലിശനിരക്ക് (വാർഷിക %) | |
|---|---|---|
| | ഒരു കോടിക്ക് താഴെ | ഒരു കോടിയും അതിന് മുകളിലും |
| ഒരു വർഷം | 9.00 | 8.75 |
| ഒരു വർഷത്തിന് മുകളിൽ, രണ്ടു വർഷത്തിൽ താഴെ | 9.00 | 8.50 |
| രണ്ടു വർഷവും അതിന് മുകളിൽ, മൂന്ന് വർഷത്തിൽ താഴെ | 9.00 | 8.00 |
| മൂന്ന് വർഷവും അതിന് മുകളിൽ അഞ്ച് വർഷം വരെ | 8.75 | 8.00 |
| അഞ്ച് വർഷവും അതിന് മുകളിൽ എട്ട് വർഷം വരെ | 8.75 | 8.00 |
| എട്ട് വർഷവും അതിന് മുകളിൽ പത്ത് വർഷം വരെ | 8.75 | 8.00 |

## എൻ.ആർ.ഒ. സ്ഥിര നിക്ഷേപങ്ങൾ (07/01/2015 മുതൽ)

| നിക്ഷേപ കാലാവധി | പലിശനിരക്ക് (വാർഷിക %) | |
|---|---|---|
| | ഒരു കോടിക്ക് താഴെ | ഒരു കോടിക്ക് മുകളിൽ |
| 7 മുതൽ 14 ദിവസം വരെ # | 4.00 | 6.25 |
| 15 മുതൽ 30 ദിവസം വരെ | 4.50 | 6.25 |
| 31 മുതൽ 45 ദിവസം വരെ | 6.25 | 7.00 |
| 46 മുതൽ 60 ദിവസം വരെ | 7.00 | 7.75 |
| 61 മുതൽ 90 ദിവസം വരെ | 7.00 | 7.75 |
| 91 മുതൽ 120 ദിവസം വരെ | 7.25 | 8.50 |
| 121 മുതൽ 179 ദിവസം വരെ | 7.25 | 8.25 |
| 180 മുതൽ 269 ദിവസം വരെ | 7.75 | 8.50 |
| 270 ദിവസം മുതൽ ഒരു വർഷത്തിൽ താഴെ | 8.25 | 8.50 |
| ഒരു വർഷത്തേയ്ക്ക് മാത്രം | 9.00 | 8.75 |
| ഒരു വർഷത്തിന് മുകളിൽ, രണ്ടു വർഷത്തിൽ താഴെ | 9.00 | 8.50 |
| രണ്ടു വർഷത്തിന് മുകളിൽ, മൂന്ന് വർഷത്തിൽ താഴെ | 9.00 | 8.00 |
| മൂന്ന് വർഷത്തിന് മുകളിൽ അഞ്ച് വർഷത്തിൽ താഴെ | 8.75 | 8.00 |
| അഞ്ച് വർഷത്തിന് മുകളിൽ എട്ട് വർഷത്തിൽ താഴെ | 8.75 | 8.00 |
| എട്ട് വർഷത്തിന് മുകളിൽ പത്ത് വർഷം വരെ | 8.75 | 8.00 |

# നിരക്കുകൾ അഞ്ച് ലക്ഷത്തിന് മുകളിലുള്ള ഒറ്റ നിക്ഷേപങ്ങൾക്ക് മാത്രം ബാധകം.

* മേൽ പറഞ്ഞ നിരക്കുകളിൽ മാറ്റം വരാവുന്നതാണ്. നിരക്കുകൾ ഞങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

http://www.canarabank.com/English/Scripts/DepositAccounts.aspx



## മുഖ്യ കറൻസികളുടെ വിനിമയനിരക്കുകൾ

| കറൻസി | വിനിമയ നിരക്ക് (ഇന്ത്യൻ രൂപയിൽ) |
|---|---|
| യു എസ്ഡോളർ | 61.87 |
| ബ്രിട്ടീഷ് പൗണ്ട് | 93.42 |
| യൂറോ | 69.98 |
| കനേഡിയൻ ഡോളർ | 48.70 |
| ഓസ്ട്രേലിയൻ ഡോളർ | 48.15 |
| ബഹറിൻ ദിനാർ | 164.47 |
| യു.എ.ഇ. ദിർഹം | 16.88 |
| സൗദി റിയാൽ | 16.49 |
| ഒമാൻ റിയാൽ | 161.03 |
| ഖത്തർ റിയാൽ | 17.02 |
| ദക്ഷിണാഫ്രിക്കൻ റാൻഡ് | 5.32 |

(31 ജനവരി 1-ലെ ടി.ടി നിരക്കുകൾ പ്രകാരം ഉള്ളത്.)

ഒരു യൂണിറ്റ് വിദേശ കറൻസിക്ക് തുല്യമായ ഇന്ത്യൻ രൂപയുടെ നിരക്കുകൾ

**നിങ്ങളുടെ ബാങ്കിംഗ് അനുഭവം എളുപ്പവും ആസ്വാദ്യകരവും ആക്കാൻ**

**ഞങ്ങളുടെ അടുത്ത വാർത്താ പത്രിക കാണുക.**

**താങ്കളുടെ വിലയേറിയ നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യുന്നു.**

**ഞങ്ങളുടെ ഇ-മെയിൽ** : nrihub@canarabank.com,

nrihelpdesk@canarabank.com

Disclaimer clause: The contents of this news bulletin are based on information received from various sources and while compiling every effort has been made to ensure that the information is accurate and authentic. Canara Bank does not accept any responsibility for interpretation of various rules or any errors / omissions in the news bulletin.